നമ്പർ:സി 1/മിസ്/2012 തീയതി:31.07.2012

# നോട്ടീസ്

**ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താഴെപ്പറയുന്ന കാര്യങ്ങൾ കർശനമായി പാലിയ്ക്കേണ്ടതാണ്.**

1. എല്ലാ വിദ്യാർത്ഥികളും, നിശ്ചിത യൂണിഫോം, തിരിച്ചറിയൽ കാർഡ് എന്നിവ ധരിച്ച് മാത്രമേ കോളേജ് ക്യാമ്പസിൽ പ്രവേശിയ്ക്കുവാൻ പാടുള്ളു.

2. വിദ്യാർത്ഥികളുടെ വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ, ക്ലാസ്സ് ട്യൂട്ടർ, വകുപ്പ് മേധാവി എന്നിവരുടെ ശുപാർശയോടു കൂടി മാത്രമേ പ്രിൻസിപ്പാളിന് സമർപ്പിക്കുവാൻ പാടുള്ളു. വെള്ളക്കടലാസിലുള്ള അപേക്ഷയ്ക്ക് പുറമേ, നിശ്ചിത ഫോമുകളുടെ രണ്ട് കോപ്പി സഹിതം, ഓഫീസ് (സി 1) അക്കാദമിക് സെക്ഷനിൽ ഏൽപ്പിക്കേണ്ടതാണ്.

3. ഈ സ്ഥാപനത്തിൽ വിവിധ വകുപ്പുകളിലായി 23 ഗസറ്റഡ് ഓഫീസർമാർ ജോലിചെയ്യുന്നതിനാൽ, സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി പ്രസ്തുത ഗസറ്റഡ് ഓഫീസർമാരെ സമീപിയ്ക്കേണ്ടതാണ്.

4. കോളേജ് പരിസരം, ക്ലാസ് മുറികൾ എന്നിവ വ്യത്തിയായും ഭംഗിയായും സൂക്ഷിക്കേണ്ടത് എല്ലാ വിദ്യാർത്ഥികളുടേയും കടമയാണ്. ആയതിനാൽ വേസ്റ്റ് പേപ്പർ, ഉച്ച ഭക്ഷണത്തിൻെറ വേസ്റ്റ് എന്നിവ അതാത് ക്ലാസ് മുറികളിലും, വരാന്തകളിലും സജ്ജമാക്കിയിട്ടുള്ള വേസ്റ്റ് ബക്കറ്റിൽ നിക്ഷേപിയ്ക്കേണ്ടതാണ്. ഇതിനു വിപരീതമായി പ്രവർത്തിയ്ക്കുന്ന വിദ്യാർത്ഥികളുടെ പേരിൽ കർശനനടപടി സ്വീകരിയ്ക്കുന്നതാണ്.

5. സർക്കാർ വക കെട്ടിടങ്ങളും, അവയോടനുബന്ധിച്ചുള്ള സാമഗ്രികളും "പൊതുമുതൽ" എന്ന വിഭാഗത്തിൽപ്പെടുന്നതിനാൽ, അവ നശിപ്പിക്കുകയോ വ്യത്തികേടാക്കുകയോ ചെയ്യുന്നത് ഗുരുതരവും ശിക്ഷ ലഭിക്കുന്ന കുറ്റവുമണ്.

   ആയതിനാൽകോളേജ് കെട്ടിടങ്ങളുടെ ഭിത്തി, മതിൽ എന്നിവയിലും, ബഞ്ച്, ഡസ്ക്, മേശ, ഡ്രോയിംഗ് ബോർഡ് മുതലയ ക്ലാസ്റൂം ഫർണിച്ചറിലും കുത്തിവരച്ച് വ്യത്തികേടാക്കുന്നതും, സ്വിച്ച് ബോർഡ്, ലൈറ്റ്, ഫാൻ മുതലായ ഇലക്ട്രിക് ഉപകരണങ്ങൾ കേട് വരുത്തുന്നതും, കുടി വെള്ള പൈപ്പുകൾ, ടാപ്പുകൾ മുതലായവ നശിപ്പിയ്ക്കുകയോ, കേടു വരുത്തുകയോ ചെയ്യുന്നതും ഗുരുതരമായ കുറ്റം തന്നെയാണ്.

**(തുടർച്ച.........2)**

മേൽപ്പറഞ്ഞ കുറ്റങ്ങൾ സംഭവിയ്ക്കുകയാണെങ്കിൽ, അതാത് ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളും, അതിന് പൂർണ്ണ ഉത്തരവാദികളായിരിയ്ക്കുന്നതും, പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നും പൊതു ഫൈൻ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടയ്ക്കുന്നതുമായിരിക്കും.

6. അത്യാവശ്യ ഘട്ടങ്ങളിൽ ഒഴികെ, വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാളിനെ സന്ദർശിക്കുവാനുള്ള സമയം ഉച്ചയ്ക്ക് **1** മണി മുതൽ **1.45** പി.എം. വരെ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

7. ഗവണ്മെൻറ് ഉത്തരവ് പ്രകാരം, കോളേജ് ക്യാമ്പസിൽ മൊബൈൽ ഫോണിൻെറ ഉപയോഗം കർശനമായി നിരോധിച്ചിരിക്കുന്നതിനാൽ, ഈ സ്ഥാപനത്തിലെ “എത്തിക്സ് കമ്മറ്റി” യുടെ തീരുമാനപ്രകാരം, ഉത്തരവ് ലംഘിയ്ക്കുന്നവർക്കെതിരെ അനന്തരനടപടികൾ സ്വീകരിയ്ക്കുന്നതാണ്.

8. സ്ഥാപനത്തിലെ അച്ചടക്കം, വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ എന്നിവ പരിഹരിയ്ക്കുവാനായി, ശ്രീ.അശോക് കുമാർ.പി (മെക്കാനിക്കൽ വിഭാഗം മേധാവി) യുടെ നേതൃത്വത്തിൽ ഒരു അച്ചടക്കസമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ പരാതികൾ അച്ചടക്ക സമിതി കൺവീനർ ശ്രീ.അശോക് കുമാറിന് രേഖാമൂലം നൽകേണ്ടതാണ്.

9. ഈ സ്ഥാപനത്തിൽ പ്രവർത്തിയ്ക്കുന്ന, കോമൺ ഇൻറർനെറ്റ് ലാബിൻെറ പ്രവർത്തനം, എല്ലാ ദിവസവും രാവിലെ **8.30** മുതൽ വൈകിട്ട് **5** മണി വരെയായിരിയ്ക്കും. ക്ലാസ്സ് സമയങ്ങൾ ഒഴികെ എല്ലായ്പ്പോഴും, വിദ്യാർത്ഥികൾക്ക് ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രിൻസിപ്പാൾ

Copy to:

1. എല്ലാ ക്ലാസ്സുകളിലും വായിക്കുന്നതിന്.